**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നൂതനപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നൂതനപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രധാനപ്പെട്ട ഒരു നൂതന പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് യൂണിറ്റുകൾക്ക് നൽകുന്ന "സ്കെയിൽ അപ്പ് ലോൺ". മിനിമം വയബിൾ പ്രോഡക്റ്റ് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ട് അപ്പ് കമ്പനികൾക്ക് അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും മാർക്കറ്റ് വികസിപ്പിന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി സ്കെയിൽ അപ്പ് സപ്പോർട്ട് നൽകി വരുന്നു. സംരംഭം വിപുലീകരിക്കുന്നതിനു ആവശ്യമായ മൊത്തം തുകയുടെ എൺപത് ശതമാനമോ അല്ലെങ്കിൽ പരമാവധി 100 ലക്ഷം രൂപ വരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.<br><br>സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും കയറ്റുമതിയ്ക്കും ഊന്നൽ നല്കി ചേർത്തലയിലെ ഐ.ജി.സി.യിൽ മെഗാഫുഡ് പാർക്ക് വികസിപ്പിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 11.4.23ന് നടത്തി പാർക്ക് ഔദ്യോഗികമായി തുറന്നു കൊടുത്തു.<br><br>കൂടാതെ, ചേർത്തലയിൽ മാരിടൈം ക്ലസ്റ്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഐ.ഡി.സി. കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഐ.ഡി.സി യുടെ assets under management ആയിരം കോടി രൂപ എന്ന നാഴികക്കല്ല് ആദ്യമായി ജൂൺ 2024-ൽ പിന്നിട്ടു. ഇതേ കാലഘട്ടത്തിൽ നാളിതു വരെ കെ.എസ്.ഐ.ഡി.സി.യിൽ നിന്നും വായ്പാസഹായം |

ലഭ്യമാക്കിയ വിവിധ പദ്ധതികളിലൂടെ ഏകദേശം 2560 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാൻ സാധിച്ചു.

സർക്കാർ കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായ വൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 സൺറൈസ് മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനായി സുസ്ഥിര വികസനം ലക്ഷ്യം വെച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായങ്ങളെയും നിക്ഷേപങ്ങളെയും പ്രോത്സാഹിക്കുവാനായി ഇ എസ് ജി നയവും സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി കൂട്ടുന്നതിനായുള്ള കയറ്റുമതി പ്രോത്സാഹന നയവും 22 'സൺറൈസ്' മേഖലകളിൽ ഉൾപ്പെടുന്ന ഗ്രഫീൻ മേഖലയെ ഉത്തേജിപ്പിക്കുവാൻ ലക്ഷ്യം വെച്ചുള്ള ഗ്രഫീൻ നയവും പ്രത്യേകമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

ഇത് കൂടാതെ, ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ മേഖലകളായ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ, നിർമിത ബുദ്ധി, ഹൈ-ടെക് എഞ്ചിനീയറിംഗ് എന്നിവയിലും വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി സർക്കാർ കരട് നയങ്ങൾ രൂപീകരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന മറ്റ് പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 70-ൽ അധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി നാളിതുവരെ 60-ൽ അധികം യോഗങ്ങളും നടത്തിയിട്ടുണ്ട്. മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങളിലോ പദ്ധതിയുടെ പ്രാരംഭ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിൽ പല സംരംഭങ്ങളുമായുള്ള ചർച്ചകളും അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ഈ പരിപാടികൾ വഴി തുടർന്നും പല വൻകിട സ്ഥാപനങ്ങളെയും കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. |
| (സി) | കേരളത്തെ രാജ്യത്തിന്റെ റോബോട്ടിക് ഹബ്ബ് ആക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വ്യവസായ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് "റോബോട്ടിക്സ്" മേഖല. ഈ മേഖലയുടെ ഉന്നമനത്തിനായി "അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ" എന്ന ഒരു സംഗമം കൊച്ചിയിൽ ആഗസ്റ്റ് മാസം സർക്കാർ നടത്തുകയുണ്ടായി. പ്രസ്തുത സംഗമത്തിൽ 190-ൽ പരം കമ്പനികളും/ സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 700-ൽ പരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. കൂടാതെ 31 എക്സിബിഷൻ സെന്ററുകളും പ്രസ്തുത റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ്-ന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയിരുന്നു. റോബോട്ടിക്സ് മേഖലയുടെ ഉയർച്ചയ്ക്കായി സംസ്ഥാനത്തെ ആദ്യത്തെ റോബോട്ടിക്സ് പാർക്ക്, കെ.എസ്.ഐ.ഡി.സി. മുഖേന സ്റ്റാർട്ട് അപ്പ്/സീഡ് ഫണ്ട് വായ്പ തുടങ്ങിയ പ്രഖ്യാപനങ്ങളും പ്രസ്തുത കോൺക്ലേവിൽ നടന്നിരുന്നു. |

| | | | |
|---|---|---|---|
| | | | റോബോട്ടിക്സ് മേഖലയിലെ ആധുനിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കാൻ പ്രസ്തുത റൗണ്ട് ടേബിൾ സഹായകമായി, മാത്രമല്ല വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുള്ള 18 ആനുകൂല്യങ്ങൾ റോബോട്ടിക്സ് മേഖലയിലും ബാധകമാണ്.<br><br>ഈ നടപടികളെല്ലാം കേരളത്തെ രാജ്യത്തിന്റെ റോബോട്ടിക്ക് ഹബ്ബ് ആക്കി മാറ്റുന്നതിന് സഹായമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ